# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.585 | 03/03/2020-ൽ മറുപടിക്ക്

### പൂക്കൊളത്തൂർ കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>**ശ്രീ.പി.ഉബൈദുള്ള** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | (എ)<br>&<br>(ബി) | സെക്ഷൻ ഓഫീസുകൾ പുതുതായി അനുവദിക്കുന്നതിന് ഇപ്പോൾ മാനദണ്ഡങ്ങൾ ഒന്നും തന്നെ പിൻതുടരുന്നില്ല.<br><br>ഈ സർക്കാരിന്റെ കാലത്ത് പുതുതായി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടില്ല. എന്നാൽ മുൻ സർക്കാരുകളുടെ കാലത്ത് അനുവദിച്ചിരുന്ന താഴെ പ്പറയുന്ന സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ; | | |

| ക്രമ നമ്പർ | സെക്ഷൻ ഓഫീസ് | ജില്ല |
|---|---|---|
| 1 | കാച്ചാണി | തിരുവനന്തപുരം |
| 2 | റാന്നി പെരിനാട് | പത്തനംതിട്ട |
| 3 | പന്തളം തെക്കേക്കര | |
| 4 | വള്ളിക്കുന്നം | ആലപ്പുഴ |
| 5 | വെണ്മണി | |
| 6 | മഞ്ഞള്ളൂർ | എറണാകുളം |
| 7 | നെല്ലിക്കുഴി | |
| 8 | എടത്തല | |
| 9 | ഉടുമ്പൻചോല | ഇടുക്കി (1) |
| 10 | ആലക്കോട് | ഇടുക്കി (2) |
| 11 | വാളയാർ | പാലക്കാട് |
| 12 | വിളയൂർ | |

| | | | |
|---|---|---|---|
| 13 | പുഴക്കാട്ടിരി | മലപ്പുറം |
| 14 | കുമ്പാറ | കോഴിക്കോട് |
| 15 | കോറോം | വയനാട് |
| 16 | പെരിങ്ങത്തൂർ | കണ്ണൂർ |
| 17 | ചെറുപുഴ | |
| 18 | സീതാൻഗോളി | കാസർഗോഡ് |

| | | | |
|---|---|---|---|
| (സി) | മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി വൈദ്യുതി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നിവ വിഭജിക്കണമെന്ന ദീർഘ നാളത്തെ ആവശ്യം പരിഗണിച്ച് പൂക്കൊളത്തൂർ കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുമോ? | (സി) | വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ KSEBL ൽ നടന്നുവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി KSEBL നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ